LIBRARY ARCHIVES Kerala Legislative Assembly

ഇടതു-വലതുകര കനാലിന്റെ അനുബന്ധ റോഡുകളുടെ പുനരുദ്ധാരണം

167 (832) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊട്ടാരക്കര നിയോജകമണ്ഡലത്തിൽപ്പെടുന്ന കല്ലട പദ്ധതിയുടെ ഇടതു-വലതുകര കനാലിന്റെ അനുബന്ധ റോഡുകൾ തകർന്ന് ഗതാഗത യോഗ്യമല്ലാതായ അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എത്ര കിലോമീറ്റർ റോഡുകൾ പ്രസ്തുത മേഖലയിൽ ഉൾപ്പെടുന്നു ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത റോഡുകളുടെ നവീകരണത്തിന് എത്ര തുക ചെലവഴിച്ചിട്ടുണ്ട് ;

(ഡി) ഈ റോഡുകളുടെ നവീകരണത്തിന് ഇതര ഫണ്ടുകൾ ചെലവഴിക്കുന്നതിന് പാലിക്കേണ്ട മാനദണ്ഡങ്ങൾ വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 8 കിലോമീറ്റർ.

(സി) തുക ചെലവഴിച്ചിട്ടില്ല.

(ഡി) കനാലുകളുടെ അത്യാവശ്യ അറ്റകുറ്റപ്പണികൾക്ക് വേണ്ടിവരുന്ന തുകയ്ക്കപുറമെ അനുവദിക്കപ്പെടുന്ന തുക റോഡ് നവീകരണത്തിനായി ഉപയോഗിക്കുന്നതാണ്. കൂടാതെ പഞ്ചായത്ത് ഫണ്ട്, എം.എൽ.എ. ഫണ്ട്, എം.പി. ഫണ്ട് മുതലായവയും അതാത് ഫണ്ടിന്റെ മാനദണ്ഡം അനുസരിച്ച് വിനിയോഗിക്കാവുന്നതാണ്. എം.എൽ.എ.-മാരുടെ പ്രത്യേക വികസന നിധിയും 27-5-2004-ലെ GO(P)No.247/2004/Fin. എന്ന ഉത്തരവിലെ മാനദണ്ഡങ്ങളുടെയും പിൽക്കാലത്ത് പുതുക്കിയ മാനദണ്ഡങ്ങളുടെയും അടിസ്ഥാനത്തിൽ വിനിയോഗിക്കാവുന്നതാണ്.

പട്ടുവം ജപ്പാൻ കുടിവെള്ള പദ്ധതി

168 (833) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 28-8-2014-ന് 69.32 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിരുന്ന പട്ടുവത്തെ ജപ്പാൻ കുടിവെള്ള പദ്ധതിയുടെ രണ്ടാംഘട്ട പ്രവൃത്തി ടെണ്ടർ ചെയ്യുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ ;

(ബി) ജൈക്ക (JICA) പ്രോജക്ടിന്റെ കാലാവധി അവസാനിക്കാറായതിനാൽ പ്രസ്തുത പ്രോജക്ട് കാലാവധി നീട്ടിക്കിട്ടുന്നതിന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ ;

(സി) കടിവെള്ളക്ഷാമം രൂക്ഷമായ പ്രസ്തുത പ്രദേശങ്ങളിലെ ജനങ്ങളുടെ ആശങ്ക ദൂരീകരിച്ച് എത്രയും വേഗം ടെണ്ടർ നടപടികൾ പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പട്ടുവം കുടിവെള്ള പദ്ധതിയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങൾ ജൈക്കയുടെ അംഗീകാരത്തിന് വിധേയമായി ഏറ്റെടുക്കാനാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. ജൈക്കയുടെ അംഗീകാരം ലഭിക്കുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു.

(ബി & സി) ജൈക്ക പ്രോജക്ടിന്റെ കാലാവധി അവസാനിക്കാറായതിനാൽ പട്ടുവം ജപ്പാൻ കുടിവെള്ള പദ്ധതി നടപ്പാക്കുന്നതിനായുള്ള കാലാവധി നീട്ടി നൽകുന്നതിനുള്ള പ്രൊപ്പോസൽ ജൈക്കയ്ക്ക് സമർപ്പിക്കുന്നതിനായി കേന്ദ്രസർക്കാരിന് അയച്ചുകൊടുത്തിട്ടുണ്ട്. പ്രോജക്ട് കാലാവധി നീട്ടിക്കിട്ടിയാൽ മാത്രമേ ടെണ്ടർ നടപടികളുമായി മുന്നോട്ടു പോകുവാൻ സാധിക്കുകയുള്ളൂ.

കാനത്തോട് റഗുലേറ്റർ-കം-ബ്രിഡ്ജ്

169 (834) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ. :

(എ) ചിമ്മിനി ഡാമിന് ഡൗൺ സ്ട്രീമിൽ കാനത്തോട് റഗുലേറ്റർ-കം-ബ്രിഡ്ജ് പണിയുന്നതിന് റിവൈസ്ഡ് ഭരണാനുമതിക്കായി സമർപ്പിച്ച അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) റിവൈസ്ഡ് ഭരണാനുമതി എന്ന് ലഭിക്കും എന്ന് വിശദമാക്കാമോ ?

ഉത്തരം

(എ & ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി പ്രവൃത്തിയുടെ സിവിൽ വിഭാഗത്തിന്റെ എസ്റ്റിമേറ്റ് (DSR-2014) പ്രകാരം പുതുക്കുന്നതിനുള്ള നടപടികൾ ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ പുരോഗമിച്ചുവരുന്നുണ്ട്. ആയത് സർക്കാരിൽ ലഭ്യമാകുന്നമുറയ്ക്ക് പുതുക്കിയ ഭരണാനുമതി നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly